# വെളിപ്പാട് പുസ്തക പഠനം – 20

# നിലയങ്കി ധരിച്ച് മാറത്ത്

# പൊൻകച്ച കെട്ടിയവൻ

ഡോ. സി.വി.ആൻഡ്രൂസ്

**നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി......(വെളിപ്പാട്: 1:13)**

## യേശുക്രിസ്തുവിന്റെ ദിവ്യവിശേഷതകൾ

### നിലയങ്കി

മഹാപുരോഹിതന്റെ ന്യായപ്രമാണകാലത്തെ വസ്ത്രമാണ് ഇത്. (പുറപ്പാട് 28:4) എല്ലാവർഷവും മഹാപാപപരിഹാരദിനത്തിൽ സമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലത്തേക്ക് പോകുന്ന മഹാപുരോഹിതന്റെ വേഷമാണിത്. നമുക്ക് വേൺടി മദ്ധ്യസ്ഥത അണയ്ക്കുന്ന തന്റെ മഹാപൗരോഹിത്യത്തെ ഇത് കാണിക്കുന്നു. ന്യായപ്രമാണ യുഗത്തിൽ മഹാപുരോഹിതൻ ധരിക്കുന്ന വസ്ത്രങ്ങളിൽ വളരെ പ്രാധാന്യമുള്ള അങ്കിയാണ് നീലനിലയങ്കി. സ്വർണ്ണമണികളും മാതളപ്പടങ്ങളും അതിന്റെ അടിവിളമ്പിൽ തുന്നിത്തൂക്കിയിട്ടിരുന്നു. പഴങ്ങൾ ആത്മാവിൻ ഫലങ്ങളും മണികൾ ആത്മാവിന്റെ വരങ്ങളും എന്നതിന് നിഴലാകുന്നു. യേശുക്രിസ്തു, രാജാവും പുരോഹിതനും പ്രവാചകനുമെന്ന ത്രിവിധ പദിവിയെ ഈ നിലയങ്കി സൂചിപ്പിക്കുന്നു. രാജാക്കന്മാരും പ്രവാചകന്മാരും നിലയങ്കി ധരിച്ചിരുന്നതായി കാണുന്നു. (1 ശമുവേൽ 15:27) ഇവിടെ ഏഴ് നിലവിളക്കുകളാകുന്ന സഭകളുടെ നടുവിലാണ് യേശുവിനെ കാണുന്നത്. താൻ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത ശേഷം പുരോഹിതനായി ദൈവസന്നിധിയിൽ നമുക്ക് വേൺടി പക്ഷവാദം ചെയ്യുന്നു. (എബ്രായർ 7:25, 1 യോഹന്നാൻ 2:1,2. 1 തിമോഥെയോസ് 2:5,6) അതോടൊപ്പം ഭൂമിയിൽ സഭയുടെ മദ്ധ്യേ നടന്ന് വിശ്വാസികളുടെ കുറവുകൾ ഉണർത്തിച്ച് സ്വർഗ്ഗരാജ്യത്തിന് വേൺടി ഒരുക്കിയെടുക്കുന്നു.

### മാറത്ത് പൊൻകച്ച

പൊന്ന് ദൈവത്വത്തെ കാണിക്കുന്നു. കച്ച നീതിയുടെയും വിശ്വസ്തതയുടെയും പ്രതീകമാണ്. (യെശയ്യാവ് 11:5) ഈ ലോകജീവിതത്തിൽ ക്രിസ്തുവിൽ ശോഭിച്ച പൂർണ്ണനീതി, നമ്മോടുള്ള വാഗ്ദാനം നിറവേറ്റുന്നതിൽ അവിടുന്ന് കാട്ടുന്ന വിശ്വസ്ത എന്നിവയെയാണ് ഇവ വിളിച്ചറിയിക്കുന്നത്. കൂടാതെ ന്യായവിധിയുടെ അധികാരത്തെയും കാണിക്കുന്നു. മാറത്ത് പൊൻകച്ച കെട്ടിക്കൊൺട് ദൈവാലയത്തിൽ നിന്നും വരുന്ന ഏഴ് ദൂതന്മാരെ വെളിപ്പാട് 15:5,6 വാക്യങ്ങളിൽ കാണുന്നു. ന്യായവിധിയുടെ ഏഴ് കലശങ്ങൾ അവർക്ക് കൊടുക്കുന്നു. ആകയാൽ ഈ വാക്യങ്ങളിൽ നിന്നും മാറത്ത് പൊൻകച്ച കെട്ടിയിരിക്കുന്നത് ന്യായവിധിയുടെ

അധികാരത്തെ കാണിക്കുന്നുവെന്ന് വ്യക്തമാകുന്നു. കർത്താവ് പുരോഹിതനായി മാത്രമല്ല, ന്യായം വിധിക്കുന്നവനായും നിലകൊള്ളുന്നു എന്ന് സ്പഷ്ടം. രാജാക്കന്മാരാണ് പൊൻകച്ച ധരിക്കുന്നത്. ക്രിസ്തു രാജാക്കന്മാരിൽ രാജാവാണ്. ആകയാൽ ശക്തിയുടെയും അധികാരത്തിന്റെയും അടയാളമായും പൊൻകച്ചയെ കാണിക്കുന്നു. ''സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേൺടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു''. (ദാനിയേൽ 7:14) നിലയങ്കി പൗരോഹിത്യത്തെ കാണിക്കുമ്പോൾ പൊൻകച്ച രാജത്വത്തെ കാണിക്കുന്നു. സേവനത്തിന്റെ പ്രതീകമായ അരക്കച്ചയല്ല യേശു ഇപ്പോൾ ധരിച്ചിരിക്കുന്നത് എന്ന് മനസിലാക്കുക.

''അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയായും കണ്ണ് അഗ്നിജ്വാലക്കൊത്തതും..'' (വാക്യം 14)

## തലയും തലമുടിയും

ഇംഗ്ലീഷിൽ ഒശശ വലമറ മിറ ഒശെ വമശൃെ ംല്യൃല ഹശസല ംീീഹ, മ െംവശലേ മ െ ിീം എന്നാണ് എഴുതിയിരിക്കുന്നത്. അതിന്റെ അർത്ഥം ഹിമം പോലെ വെളുത്ത ആട്ടിൻ രോമതുല്യം എന്നാണ്. സകലരുടെയും ആളത്വം അവരുടെ തലയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഇവിടെ കർത്താവിന്റെ തലയും തലമുടിയും വെള്ളയായി കാണുന്നത് തന്റെ വിശുദ്ധിയെയും പുരാതനത്വത്തെയും എടുത്തുകാണിക്കുകയാണ്. ദൈവത്തിന്റെ നിത്യതയെ, അവസാനമില്ലാത്ത ആയുസിനെ വ്യക്തമാക്കാൻ ദാനിയേൽ 7:9 ൽ ഇതേ പ്രയോഗം തന്നെ ഉപയോഗിച്ചിരിക്കുന്നു. ''വയോധികനായൊരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി വെളുത്ത ആട്ടിൻരോമം പോലെയും'' എന്ന് കാണുന്നു. മീഖാ 5: 2 ൽ ''അവന്റെ ഉത്ഭവം പൺടേയുള്ളതും പുരാതനമായതും തന്നെ'' എന്ന് നാം വായിക്കുന്നു. ആവർത്തനം 33:27 ൽ ''പുരാതനനായ ദൈവം'' എന്ന് കാണുന്നു. അതിന്റെ അർത്ഥം വാർദ്ധക്യത്തിൽ എത്തിയവൻ എന്നല്ല, പുരാതനനായവൻ (ഠവല അിരശലിേ ീള റമ്യ) എന്നാണ്. എന്ന് പറഞ്ഞാൽ അനാദിയായും ശാശ്വതനായും ഉള്ള നിത്യദൈവം. യുഗങ്ങളായി ഉള്ളവനാണ് അവൻ. പിതാവായ ദൈവം പുരാതനൻ എന്ന പോലെ പുത്രനായ ക്രിസ്തുവും പുരാതനനൻ തന്നെ. സർവ്വശക്തന് വാർദ്ധക്യം സംഭവ്യമല്ല. കർത്താവ് ചെയ്യുന്നതെല്ലാം അവന്റെ പുരാതനമേയുള്ള സർവ്വജ്ഞാനം കൊൺട് ചെയ്യുന്നു എന്നുള്ളതിന്റെ വെളിപ്പാടാണ് അവന്റെ തലമുടി പ്രതിനിധീകരിക്കുന്നത്. ''ഹിമം പോലെ വെളുപ്പും പഞ്ഞി പോലെ ആയിത്തീരും'' എന്ന് യെശയ്യാവ് പറഞ്ഞിരിക്കുന്നു. വെളിപ്പാട് 3:7ൽ ''വിശുദ്ധനും സത്യവാനു''മെന്നാണ് യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അവൻ വിശുദ്ധിയിൽ ഭയങ്കരനാണ്. ''നരച്ചവന്റെ മുമ്പാകെ എഴുന്നേല്ക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം. ഞാൻ യഹോവ ആകുന്നു''. ലേവ്യ 19:32.

## അഗ്നിജ്വാലയ്ക്കൊത്ത കണ്ണ്

വെളിപ്പാട് 2:18 ലും 19:12 ലും ''അഗ്നിജ്വാലക്കൊത്ത കണ്ണ്'' എന്ന് നാം കാണുന്നു. ഓരോരുത്തരുടെയും ഹൃദയ വിചാരങ്ങളുടെയും ഇരുളിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെയും വെളിച്ചത്താക്കി ഹൃദയങ്ങളുട ആലോചനകളെ വെളിപ്പെടുത്തുവാൻ തക്കവണ്ണം ശക്തിയേറിയ കാഴ്ച്ചയെക്കുറിക്കുന്നതത്രേ അഗ്നിജ്വാലക്കൊത്ത കണ്ണുകൾ. ഓരോരുത്തരെയും ശോധന ചെയ്യേൺടതിനാണ്

കർത്താവ് സഭകളുടെ നടുവിൽ നടക്കുന്നത്. നമ്മുടെ ഹൃദയത്തിലെ ചിന്തകളും ഭാവങ്ങളും അവന്റെ മുമ്പിൽ നഗ്നവും മലർന്നതുമായി കിടക്കുന്നു. ''യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു. ഗർവ്വിയെയോ അവൻ ദൂരത്ത് നിന്ന് അറിയുന്നു''. (സങ്കീർത്തനം 138:6) തന്റെ ജ്വലിക്കുന്ന കണ്ണുകൾ മനുഷ്യന്റെ സകലരഹസ്യങ്ങളുടെ കലവറയ്ക്കുള്ളിലും കടന്നുചെല്ലുന്നു. അത്യുന്നത സ്വർഗ്ഗത്തിൽ നിന്ന് സകലവും ശോധന ചെയ്യുവാൻ കഴിവുള്ള കണ്ണുകളാണ് യേശുവിന്റേത്. ''യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു''. (സങ്കീർത്തനം 33:18, 34:15) ''ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകലസഭകളും അറിയും'' എന്ന് 2:23 ൽ പറയുന്നു. ഒരിക്കൽ ലാസറിന്റെ കല്ലറയ്ക്കൽ വച്ച് കണ്ണുനീർ വാർത്ത കണ്ണുകൾ ഇന്ന് മനുഷ്യപുത്രന്മാരെ ശോധന ചെയ്യുകയാണ്. ദൈവത്തിന്റെ കണ്ണുകൾക്ക് മറഞ്ഞിരിക്കുന്നത് യാതൊന്നും ഇല്ലായെന്നും ''സകലവും അവന്റെ കൺമുന്നിൽ നഗ്നവും മലർന്നതുമായി കിടക്കുന്നു''വെന്ന് തിരുവെഴുത്തുകൾ സാക്ഷിക്കുന്നു. (എബ്രായർ 4:13)

അമ്മയുടെ ഗർഭത്തിൽ ഒരു ശിശു പിണ്ഡാകാരമായിരിക്കുമ്പോൾ തന്നെ അതിനെ കാണുന്ന കണ്ണുകളാണ് ദൈവത്തിന്റെ തൃക്കണ്ണുകൾ. സുവിശേഷങ്ങളിൽ യേശുവിന്റെ കണ്ണുകൾ ആർദ്രത തുളുമ്പുന്നവയായിരുന്നു. എന്നാൽ ഇപ്പോൾ അഗ്നിജ്വാലക്കൊത്ത കണ്ണുകളോടെയാണ് യോഹന്നാൻ അവനെ കാണുന്നത്. ''അവന്റെ കണ്ണുകൾ നീർത്തോടുകളുടെ അരികത്തുള്ള പ്രാവുകൾക്ക് തുല്യം''. (ഉത്തമഗീതം 5:12) ''ഇരുട്ട് പോലും നിനക്ക് മറവായിരിക്കില്ല. രാത്രി പകൽ പോലെ പ്രകാശിക്കും''. (സങ്കീർത്തനം 139:12) ''ഞാൻ നിന്ക്ക് ദൃഷ്ടി വച്ച് നിനക്ക് ആലോചന പറഞ്ഞുതരും''. (സങ്കീർത്തനം 32:8) യാതൊരു കണ്ണുകളും എത്തിച്ചെല്ലാതിരുന്ന പത്മോസിൽ യോഹന്നാന്റെ അരികത്തേക്ക് യേശുവിന്റെ കണ്ണുകൾ പതിഞ്ഞു. ഈ കണ്ണുകൾ ആസ്യയിലെ ഏഴ് സഭകളിലേക്കും കടന്നുചെന്ന് സഭയുടെ കുറവുകൾ കൺടുപിടിച്ചതുപോലെ ഇന്നുള്ള സകലസഭകളിലേക്കും കടന്നുവന്ന് കുറ്റങ്ങൾ കൺടുപിടിക്കുന്നുൺടെന്നുള്ള അറിവ് നമുക്കുൺടായിരിക്കണം. സഭകളുടെ നടുവിൽ നടക്കുന്ന കർത്താവ് സഭയെ ഉള്ളതുപോലെ അറിയുന്നവനും സകലരഹസ്യങ്ങളെയും ശോധന ചെയ്യുന്നവനും എന്നറിഞ്ഞും ജീവിതത്തെ ക്രമീകരിക്കുവാനുള്ള ബുദ്ധിയുപദേശവും തിരുവെഴുത്തിൽ കൂടി നമുക്ക് നൽകിയിരിക്കുന്നു.

''കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും ആയിരുന്നു''. (വാക്യം 15)

## വെള്ളോട്ടിന് സദൃശ്യമായ കാൽ

ഒന്നിലധികം ലോഹങ്ങളുടെ സമ്മിശ്രിതമാണ് വെള്ളോട്. വെള്ളോട് ബലവത്തായതും കാഴ്ച്ചയിൽ അതിശോഭയുള്ളതുമായ ഒരു ലോഹവുമാണ്. പൊന്നും വെള്ളിയും മറ്റും പ്രകാശം പ്രതിഫലിപ്പിക്കുന്നത് പോലെ ശോഭ വെള്ളോടിനും ഉൺട്. ഇവിടെ പദപ്രയോഗം ''കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശ്യം'' എന്നാണ്. ''ഉലയിൽ ചുട്ടുപഴുപ്പിച്ച'' എന്നത് ന്യായവിധിയുടെ ഉറച്ച നിലപാടിനെയും അവന്റെ നിർമ്മലതയെയും കുറിക്കുന്നു. ലോഹങ്ങൾ ചുട്ടുപഴുപ്പിക്കുമ്പോൾ അതിലുള്ള കീടങ്ങൾ എല്ലാം കത്തിനശിച്ച് ലോഹം ശുദ്ധമായി തീരും. കീടങ്ങൾ ഇല്ലാത്തതിനാൽ അത് ശക്തിയുള്ളതുമായിരിക്കും. സങ്കീർത്തനം 17: 5 ൽ ''എന്റെ നടപ്പ് നിന്റെ ചുവടുകളിൽ തന്നെയായിരുന്നു. എന്റെ കാൽ വഴുതിയതുമില്ല'' എന്ന് ദാവീദ്

പറയുന്നു. നമ്മുടെ കാൽ വഴുതി പോകാതെ ദൈവത്തിന്റെ ചുവടുകളിൽ തന്നെ ആയിരിക്കാനാണത്. കാൽ നടപ്പിനെ കാണിക്കുന്നു. തുയഥൈരയിലെ സഭയോട് ദുർന്നടപ്പ് വിട്ടു മാനസാന്തരപ്പെടുവാൻ പറയുന്നത് വെള്ളോട്ടിന് സദൃശ്യമായ കാൽ ഉള്ള ദൈവപുത്രനാണ്. ഉലയിൽ ചുട്ടുപഴുപ്പിക്കുന്നത് ശുദ്ധീകരണത്തിന്റെ ക്രിയയാണ്. മനുഷ്യപുത്രനായ ക്രിസ്തുവിന്റെ നടപ്പ് നിർമ്മലമായിരുന്നത് പോലെ ഓരോ വിശ്വാസിയും നിർമ്മലമായി നടക്കേണം എന്ന് ഉപദേശിക്കുന്നു. (1 യോഹന്നാൻ 2:6, 3:3) ഗലീലാക്കടലിലെ തിരമാലകൾക്ക് മീതെ നടന്ന കാൽ, യെരുശലേം തെരുവീഥിയിലൂടെ നിർഭയമായി നടന്ന കാൽ, ഗത്സമെന മുതൽ കാൽവറി വരെ ക്രൂശ് ചുമന്നു കൊൺട് നടന്ന കാൽ തന്നെ, ''അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും'' (ഉല്പത്തി 3:15) എന്ന പ്രവചനനിവൃത്തിയ്ക്കായി ശത്രുവായ പിശാചിന്റെ തലയെ യേശു ക്രൂശിൽ തകർത്തു. അവന്റെ കാലുകളുടെ പ്രത്യേകതയെപ്പറ്റി യെശയ്യാവ് 63:3 ൽ ''ഞാൻ ഏകനായി മുന്തിരിച്ചക്ക് ചവിട്ടി, ജാതികളിൽ ആരും എന്നോട് കൂടെയുൺടായിരുന്നില്ല, എന്റെ കോപത്തിൽ ഞാനവനെ ചവിട്ടി എന്റെ ക്രോധത്തിൽ ഞാനവരെ മെതിച്ചുകളയും എന്ന് കാണുന്നു''.

വെള്ളോട് ന്യായവിധിയെ കുറിക്കുന്നു. ഈ കാലുകൾ കൊൺടാണ് സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നത്. (വെളിപ്പാട് 19:15) അവന്റെ കാലുകൾ ശത്രുവിന്മേൽ വിജയത്തിന്റെയും  അധികാരത്തിന്റെയും പ്രതീകങ്ങളാണ്. സകലവും അവന് കാൽക്കീഴാക്കിയിരിക്കുന്നു. (സങ്കീർത്തനം 8:, 1 കൊരിന്ത്യർ 15:25, എഫെസ്യർ 1:22, എബ്രായർ 2:8) ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട് ദൈവത്തിന്റെ ന്യായവിസ്താരത്തിന്റെ ഉറപ്പിനെയും പൂർണ്ണതയെയും കാണിക്കുന്നു. ഒലിവു മലയിൽ തന്റെ ശിഷ്യന്മാർ കാൺകെ യേശുവിന്റെ കാലുകൾ മന്ദം മന്ദം ഉയർന്ന് ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ച്ചയ്ക്ക് മറഞ്ഞു. (അപ്പോസ്തല പ്രവൃത്തി 1:9) അതേ കാൽ എല്ലാവരും കാൺകെ തന്റെ പരസ്യവരവിങ്കൽ ഒലിവുമലയിൽ ചവിട്ടും. (സെഖര്യാവ് 14:4)

## അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ

പെരുവെള്ളം മഹാശക്തിയെ കാണിക്കുന്നു. യഹോവയുടെ ശബ്ദത്തെക്കുറിച്ച് 29 ാം സങ്കീർത്തനത്തിൽ വർണ്ണിച്ചിരിക്കുന്നു. ''യഹോവയുടെ ശബ്ദം വെള്ളത്തിന്മീതെ മുഴങ്ങുന്നു. പെരുവെള്ളത്തിന്മീതെ യഹോവ മഹത്വത്തിന്റെ ദൈവം തന്നെ ഇടിമുഴക്കുന്നു. യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു. യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു''. യഹോവയുടെ തേജസ് ആലയത്തിലേക്ക് പ്രവേശിപ്പാൻ കിഴക്ക് വഴിയായി വരുന്ന ദർശനം യെഹസ്ക്കേൽ കൺടപ്പോൾ അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആയിരുന്നു. (യെഹസ്ക്കേൽ 43:2) സ്വർഗ്ഗത്തിൽ വൈണീകന്മാർ വീണ മീട്ടുന്ന ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ (വെളിപ്പാട് 14:2) യേശു രാജത്വം ഏറ്റതിന്റെ ഘോഷം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ. (വെളിപ്പാട് 19:6) ശക്തിയുടെ പ്രവാഹത്തെ കാണിക്കുന്നതാണ് പെരുവെള്ളത്തിന്റെ ഇരച്ചിൽ. മറ്റൊരു ശക്തിക്കും കർത്താവിന്റെ ശബ്ദത്തിന്റെ മുമ്പിൽ നില്ക്കുവാൻ കഴിയുകയില്ല. വെള്ളത്തോടുപമിച്ചിരിക്കുന്ന വംശങ്ങളും പുരുഷാരങ്ങളും ജാതികളും (വെളിപ്പാട് 17:15) ക്രിസ്തുവിന്റെ ന്യായവിധിയുടെ ഭയങ്കരശബ്ദത്തിന്റെ മുമ്പിൽ നില്ക്കേൺടി വരും. (മത്തായി 25:41) 'ഉളവാകട്ടെ' എന്ന വാക്ക് കല്പ്പിച്ച് സകലവും ചമച്ച ആദിയിൻ കാരണശബ്ദം ഈ യുഗാന്ത്യത്തിൽ വെള്ളസിംഹാസനത്തിൽ ഇരുന്നുകൊൺട് അന്തിമവിധി പ്രഖ്യാപിക്കുന്ന നീതിയിൻ ശബ്ദം കൂടിയാണ്.

Top

മനസലിവും താഴ്മയും ആർദ്രതയുമുള്ള ക്രിസ്തുവിന്റെ ലാവണ്യസ്വരമല്ല നാം ഇവിടെ കേൾക്കുന്നത്. ലാസറിന്റെ കല്ലറയ്ക്കൽ കല്പിച്ച ശബ്ദവുമല്ല. ''അവൻ തന്റെ ശബ്ദം കേൾപ്പിച്ചു. ഭൂമി ഉരുകിപ്പോയി'' (സങ്കീർത്തനം 46:6) ദൈവശബ്ദം കേൾക്കുന്നവർക്ക് സാത്താനെയോ സാത്താന്യശക്തികളെയോ ഭയപ്പെടേൺടതില്ല. ദൈവശബ്ദത്തെ അടിച്ചമർത്തുവാൻ അന്ധകാരശക്തികൾ ശ്രമിക്കുന്നു. എന്നാൽ അവന്റെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു. കാറ്റിനെയും കടലിനെയും ശാന്തമാക്കിയ ശബ്ദം, ലാസറിനെ ഉയിർപ്പിച്ച ശബ്ദം, അനേകർക്ക് ആശ്വാസം നൽകുന്ന ശബ്ദം തുടർന്നും കേട്ടുകൊൺടിരിക്കാൻ നമ്മെ സഹായിക്കട്ടെ.